# സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികുതി
# സിനിമാ തിയേറ്ററുകളുടെ നിർമ്മാണാനുമതി
# സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ്

## കൈപ്പുസ്തകം




തയ്യാറാക്കിയത്
സി.എസ്.സന്തോഷ്

# സമർപ്പണം

*കേരളത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ*
*നിർണ്ണായക പങ്ക് വഹിക്കുന്ന*
*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ*
*ജീവനക്കാർക്കും ജനപ്രതിനിധികൾക്കും*

*സി.എസ്.സന്തോഷ്*



# മുഖവുര

*ചരക്ക് സേവന നികുതി നിലവിൽ വരുന്നതിനു മുമ്പ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമാനുസൃതം ഈടാക്കാമായിരുന്ന വിനോദ നികുതി, ജി.എസ്.ടി ഏർപ്പെടുത്തിയതിനുശേഷം നികുതി ഘടനയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്നിവയെക്കുറിച്ചാണ് ഈ കൈപ്പുസ്തകത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്.*

*സിനിമാ തിയേറ്ററുകളുടെ നിർമ്മാണാനുമതി, സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് എന്നീ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.*

*സിനിമാ ടിക്കറ്റുകളിന്മേലുള്ള വിനോദ നികുതി, സിനിമാ തിയേറ്റർ നിർമ്മാണം, സിനിമാ പ്രദർശനം എന്നിവയ്ക്ക് ബാധകമായ വിവിധ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും ഏതൊക്കെയെന്ന് മനസ്സിലാക്കുവാൻ ഇതിലൂടെ സാധിക്കുമെന്ന് കരുതുന്നു.*

*ഇത് ഒരു ഔദ്യോഗിക കൈപ്പുസ്തകമല്ലാത്തതിനാൽ പ്രായോഗിക തീരുമാനങ്ങൾ എടുക്കുമ്പോൾ അസ്സൽ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും കൂടി പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉണ്ടാകാവുന്ന തുടർ ഉത്തരവുകൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.....*

*എല്ലാവരും സുരക്ഷിതരായിരിക്കണമെന്ന പ്രാർത്ഥനയോടെ ...............*

**സി.എസ്.സന്തോഷ്**

**പാലക്കാട്,**

**01–06–2020**

# ഉള്ളടക്കം


| അധ്യായം/ ഖണ്ഡിക നം. | വിഷയം | പേജ് നം. |
|---|---|---|
| **I** | **വിനോദ നികുതി** | 5 |
| 1 | ആമുഖം | 5 |
| **II** | **വിനോദ നികുതിക്ക് ബാധകമായ നിയമങ്ങളും ചട്ടങ്ങളും** | 7 |
| 1 | കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്റ്റ്, 1961 | 7 |
| എ | തിയേറ്ററുകളിലെ പരിശോധന | 7 |
| 2 | കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ്(ഭേദഗതി) ആക്റ്റ്, 2013 | 8 |
| എ | സിനിമാ ടിക്കറ്റിന്മേലുള്ള സെസ്സ് | 8 |
| ബി | ഇ-ടിക്കറ്റിംഗ് | 8 |
| 3 | കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ചട്ടങ്ങൾ, 1962 | 9 |
| 4 | കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ്(ഭേദഗതി) ചട്ടങ്ങൾ, 2016 | 9 |
| എ | ഇ-ടിക്കറ്റിംഗ്, നികുതി, സെസ്സ്, സർവ്വീസ് ചാർജ്ജ് | 9 |
| **III** | **ചരക്ക് സേവന നികുതിക്കു മുമ്പും ശേഷവുമുള്ള വിനോദ നികുതി ഘടന-ഉത്തരവുകൾ** | 11 |
| 1 | വിനോദ നികുതി-ചരക്ക് സേവന നികുതിക്കു മുമ്പ് | 11 |
| എ | പുതിയ സിനിമകൾക്കുള്ള ടിക്കറ്റ് നിരക്ക് നിശ്ചയിക്കൽ | 11 |
| ബി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിനോദ നികുതി നിരക്ക് | 11 |
| 2 | വിനോദ നികുതി-ചരക്ക് സേവന നികുതിക്കു ശേഷം | 11 |
| എ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന ഉത്തരവ് | 11 |
| ബി | വിനോദ നികുതിയിനത്തിലെ നഷ്ടം നികത്തൽ-ഉത്തരവ് | 12 |
| സി | സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികുതി പുന:സ്ഥാപിച്ചു | 12 |
| ഡി | സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഏർപ്പെടുത്തി | 13 |
| ഇ | വിനോദ നികുതി നിരക്കുകളിലെ ഭേദഗതി | 13 |
| എഫ് | പുതുക്കിയ നിരക്ക് ഈടാക്കുന്നതിനുള്ള തിയതിയിൽ മാറ്റം | 13 |
| ജി | ഇ-ടിക്കറ്റിംഗ് നടപ്പാക്കൽ-മാർഗ്ഗനിർദ്ദേശങ്ങൾ | 14 |
| **IV** | **സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിനുള്ള അനുമതിയും സിനിമാ പ്രദർശനത്തിനുള്ള ലൈസൻസും** | 15 |
| 1 | കേരള സിനിമാസ് (റഗുലേഷൻ) ആക്ട്, 1958 | 15 |
| 2 | കേരള സിനിമാസ് (റഗുലേഷൻ) ചട്ടങ്ങൾ, 1988 | 15 |

| | | |
|---|---|---|
| **3** | **തിയേറ്ററുകളുടെ നിർമ്മാണം, പുനർനിർമ്മാണം, യന്ത്രങ്ങൾ സ്ഥാപിക്കൽ – അനുമതിക്കുള്ള അപേക്ഷ** | **15** |
| എ | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ | 16 |
| ബി | അപേക്ഷയിന്മേലുള്ള നടപടിക്രമങ്ങൾ, തുടർനടപടികൾ, റിപ്പോർട്ടുകൾ | 16 |
| സി | അനുമതിക്കുള്ള/അനുമതി പുതുക്കുന്നതിനുള്ള ഫീസ് | 16 |
| ഡി | നിർമ്മാണ അനുമതിയുടെ കാലയളവ് | 17 |
| ഇ | നിർമ്മാണത്തിന് മുമ്പുള്ള അപേക്ഷകന്റെ അറിയിപ്പ് | 17 |
| എഫ് | നിർമ്മാണത്തിനുശേഷം അപേക്ഷകൻ ലഭ്യമാക്കേണ്ട സാക്ഷ്യപത്രങ്ങൾ | 17 |
| **4** | **സിനിമാ പ്രദർശന ലൈസൻസ്** | **18** |
| എ | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 18 |
| ബി | സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് ഫീസ് | 18 |
| സി | അനുമതിയുടേയോ, ലൈസൻസിന്റേയോ പകർപ്പ് അനുവദിക്കൽ | 18 |
| ഡി | സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് അനുവദിക്കൽ | 18 |
| ഇ | പ്രദർശനത്തിനുള്ള ലൈസൻസ് പുതുക്കൽ | 19 |
| എഫ് | നിലവിലുള്ള തിയേറ്ററുകളുടെ ലൈസൻസ് പുതുക്കൽ – സാങ്കേതിക സമിതി | 19 |
| 5 | മറ്റ് പ്രധാന ചട്ടങ്ങൾ | 20 |
| എ | സിനിമാ തിയേറ്ററുകളിലെ കൂട്ടിച്ചേർക്കലുകളും മാറ്റം വരുത്തലുകളും | 20 |
| ബി | അപ്പീൽ അധികാരികൾ | 20 |
| സി | തിയേറ്ററുകളിലെ പരിശോധന | 20 |
| ഡി | സിനിമാ പ്രദർശനത്തിനുള്ള ഉപകരണം സ്ഥാപിക്കുന്ന സ്ഥലം | 21 |
| ഇ | കെട്ടിട സൗകര്യം | 21 |
| എഫ് | ശുചിത്വം | 21 |
| ജി | അഗ്നിസുരക്ഷ | 21 |
| എച്ച് | വൈദ്യുതി സംവിധാനം | 21 |
| ഐ | ഇരിപ്പിടം | 21 |
| | **ചട്ടങ്ങളിലെ അനുബന്ധങ്ങൾ** | **22** |
| **V** | **സിനിമാ പ്രദർശനശാലകളുടെ പെർമിറ്റ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ലെ വ്യവസ്ഥകൾ** | **23** |
| എ | സിനിമാ തിയറ്ററുകളുടെ സ്ഥാനം, വലിപ്പം, കെട്ടിട നിർമ്മാണം – ബാധകമായ ചട്ടങ്ങൾ | 23 |
| ബി | നിലവിലുള്ള തിയേറ്ററുകളിലെ സ്ക്രീനുകൾ ഒന്നിൽ കൂടുതൽ സ്ക്രീനുകളാക്കി മാറ്റൽ | 23 |
| സി | സുരക്ഷാ മാനദണ്ഡങ്ങൾ | 24 |
| ഡി | മൾട്ടിപ്ലെക്സുകൾ | 25 |

# I

# വിനോദ നികുതി

## 1. ആമുഖം

കേരളത്തിലെ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു കാലത്ത് അനേകം സിനിമാ പ്രദർശനശാലകൾ നിലനിന്നിരുന്നു. സിനിമാ ടിക്കറ്റിന്മേലും മറ്റ് വിനോദോപാധികൾക്കുള്ള ടിക്കറ്റിന്മേലും ഈടാക്കിയിരുന്ന വിനോദ നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ റവന്യു ആയിരുന്നു. കാലക്രമേണ ടെലിവിഷന്റെ സ്വാധീനം, ഇന്റർനെറ്റിന്റെ വ്യാപനം, പ്രവർത്തന ച്ചെലവിന്റെ വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ സിനിമാ തിയേറ്ററുകൾ ഓരോന്നായി അടച്ചു പൂട്ടുകയും പ്രധാന കേന്ദ്രങ്ങളിൽ മാത്രമായി അവയുടെ എണ്ണം പരിമിതപ്പെടുകയും ചെയ്തു. നിലവിൽ മുന്നൂറിൽ താഴെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് സിനിമാ തിയേറ്ററുകൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നത്.


01–07–2017 മുതൽ ചരക്ക് സേവന നികുതി(ജി.എസ്.ടി) നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിനോദ നികുതി ഒഴിവാക്കുവാൻ സർക്കാർ നിർദ്ദേശിച്ചതോടെ അനേകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദ നികുതിയിനത്തിലുള്ള വരവ് ഇല്ലാതായി. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്ത പശ്ചാത്തല ത്തിൽ സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകുയും കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്റ്റ്, 1961 ൽ ആയതനുസരിച്ച് ഭേദഗതി വരു ത്തുകയും ചെയ്തു. സിനിമാ ടിക്കറ്റിന്മേൽ വിനോദ നികുതി ഈടാക്കുന്നതി നുള്ള അധികാരം മാത്രമാണ് നിയമഭേദഗതി പ്രകാരം പുന:സ്ഥാപിച്ചത് എന്നതി നാൽ മറ്റ് വിനോദോപാധികൾക്കുള്ള ടിക്കറ്റുകളിന്മേൽ നികുതി ചുമത്താവുന്ന തല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർന്ന് ഈ വിഷയത്തിൽ സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടു ണ്ട്. സിനിമാ ടിക്കറ്റിന്മേൽ 5%, 8.5% എന്നിങ്ങനെ രണ്ട് നിരക്കുകളിലായി വിനോദ നികുതി ഈടാക്കുവാൻ സർക്കാർ അന്തിമ തീരുമാനമെടുത്തു. 16–11–2019 മുതൽ ഈ നിരക്കുകൾ പ്രകാരം വിനോദ നികുതി ഈടാക്കുന്നത് നിർബന്ധമാക്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടിക്കു മുമ്പ് ഉണ്ടായിരുന്നതിനേക്കാളും കുറഞ്ഞ നിരക്കിലാണെങ്കിലും വിനോദ നികുതി ചുമത്തുവാൻ അനുവാദം ലഭ്യമായത് സിനിമാ തിയേറ്ററുകൾ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസം നൽകുന്നതാണ്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് വിനോദ നികുതി കൃത്യമായി ഈടാക്കുവാൻ തദ്ദേശ സ്വയംഭരണ  സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

പട്ടണ പ്രദേശങ്ങളിൽ പഴയ തിയേറ്ററുകൾ പുതുക്കി പണിയുകയും ചിലയിടങ്ങളിൽ പുതിയവ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിന് ബാധകമായ നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ ഉദ്യോഗസ്ഥന്മാരും തിയേറ്റർ ഉടമകളും മനസ്സിലാക്കിയിരിക്കേണ്ടത്  അനിവാര്യമാണ്. കൂടാതെ സിനിമാ പ്രദർശനത്തിന് ബാധകമായ നിബന്ധനകളും മനസ്സിലാക്കേണ്ടതാണ്. സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് നിബന്ധനകൾ, ഫീസ് ഘടന എന്നിവയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും നിരീക്ഷിക്കേണ്ടതാണ്.

കേരളത്തിലെ സിനിമാ ടിക്കറ്റുകൾക്ക് ബാധകമായ വിനോദ നികുതി, സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിനും സിനിമാ പ്രദർശനത്തിനാവശ്യമായ ലൈസൻസിനും ബാധകമായ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയുടെ സംക്ഷിപ്തം ഉൾപ്പെടുത്തിയാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.



# II
# വിനോദ നികുതിക്ക് ബാധകമായ നിയമങ്ങളും ചട്ടങ്ങളും

## 1. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്റ്റ്, 1961

## THE KERALA LOCAL AUTHORITIES ENTERTAINMENTS TAX ACT, 1961

കേരളത്തിലെ വിവിധ വിനോദോപാധികൾക്കുള്ള നികുതി നിർണ്ണയിക്കൽ, ചുമത്തൽ എന്നിവ ഏകീകരിക്കുന്നതിനുള്ള നിയമമാണ് കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്റ്റ്, 1961 (1961 ലെ ആക്റ്റ് 20). മാജിക് പ്രകടനം ഒഴികെയുള്ള, പണം ഈടാക്കി ആളുകളെ പ്രവേശിപ്പിക്കുന്ന ഏതെങ്കിലും പ്രദർശനം, വിനോദത്തിനുള്ള ഗെയിം, സ്പോർട്സ്/റേസ് എന്നിവ വിനോദം എന്നതിൽ ഉൾപ്പെടുന്നതാണ്.

അഡ്മിഷനുള്ള തുക (payment for admission) യിൽ അഡ്മിഷനുള്ള നിരക്കും (price for admission) നികുതിയും (Tax) ഉൾപ്പെടുന്നതാണ്.

നിയമത്തിലെ വകുപ്പ് 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ ടിക്കറ്റിന്മേലും നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

### എ. തിയേറ്ററുകളിലെ പരിശോധന

പഞ്ചായത്ത് ഡയറക്ടർ, മുനിസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡണ്ട്/ചെയർപേഴ്സൻ, സർക്കാരോ, തദ്ദേശ സ്വയംഭരണ സ്ഥാപനമോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, സർക്കാർ ചുമതലപ്പെടുത്തുന്ന പൊലീസ് ഉദ്യോഗസ്ഥൻ എന്നിവർക്ക് വിനോദത്തിനായി ഉപയോഗപ്പെടുത്തുന്ന സ്ഥലത്ത് നിയമ വ്യവസ്ഥയും അതിൻകീഴിലുള്ള ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കുവാനായി പരിശോധന നടത്താവുന്നതാണ്. പരിശോധനയ്ക്ക് തടസ്സം നിന്നാൽ മജിസ്ട്രേറ്റ് കോടതിക്ക് രണ്ടായിരം രൂപവരെ പിഴ വിധിക്കാവുന്നതാണ്.

**സർക്കുലർ നം. 45979/എഫ്.എം.3/2009/തസ്വഭവ തിയതി 16-12-2009** പ്രകാരം സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഇനത്തിൽ ലഭിക്കേണ്ട തുകയിൽ വെട്ടിപ്പ് നടക്കുന്നത് തടയുന്നതിനായി തിയറ്ററുകളിൽ വിവിധ രീതിയിലുള്ള പരിശോധനകൾ നടത്തുവാൻ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളോട് പ്രത്യേകം സ്റ്റാഫിനെ നിയോഗിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. മിന്നൽ പരിശോധന നടത്തുന്നതിനായി ജില്ലാ തലത്തിൽ സ്പെഷ്യൽ സ്ക്വാഡിനെ നിയോഗിക്കുവാനും നിർദ്ദേശിച്ചിരുന്നു. വ്യാജ റിട്ടേൺ സമർപ്പിക്കൽ, വ്യാജ സീൽ ഉപയോഗിക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ തിയേറ്ററിന്റെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

## 2. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ്(ഭേദഗതി) ആക്റ്റ്, 2013

### എ. സിനിമാ ടിക്കറ്റിന്മേലുള്ള സെസ്സ്

കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ്(ഭേദഗതി) ആക്റ്റ്, 2013 (2013 ലെ ആക്റ്റ് 21) പ്രകാരം ആക്റ്റിൽ **3സി** എന്ന വകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. ആയത് പ്രകാരം Kerala Cultural Activists Welfare Fund Act, 2010 നു കീഴിൽ രൂപീകരിച്ച Kerala Cultural Activists Welfare Fund ലേക്ക് ഇരുപത്തഞ്ച് രൂപയിൽ കൂടുതലുള്ള ഓരോ സിനിമാ ടിക്കറ്റിന്മേലും 3 രൂപയിൽ അധികരിക്കാതെയുള്ള തുക സെസ്സ് ആയി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തു.

Welfare Fund ന്റെ ഒടുക്ക് വൈകിയാൽ സെക്രട്ടറിയും പ്രസിഡണ്ടും ഉത്തരവാദിയായിരിക്കുന്നതാണെന്ന് വകുപ്പ് 3സി(5) ൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.15/13/എൽ.എസ്.ജി.ഡി തിയതി 15–01–2013 പ്രകാരം സെസ്സ് മൂന്ന് രൂപയായി നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വെൽഫയർ ഫണ്ടിലേക്കുള്ള ഒടുക്ക് സംബന്ധിച്ച് സർക്കുലർ നം. 9902/ RD3/2013/LSGD തിയതി 14–05–2013 പ്രകാരം കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

### ബി. ഇ–ടിക്കറ്റിംഗ്

വകുപ്പ് 5(1) ന് താഴെ (എ) എന്ന ഖണ്ഡം കൂട്ടിച്ചേർത്ത് സർക്കാർ അംഗീകൃത സോഫ്റ്റ്വെയർ ഉപയോഗിച്ച് ഇ–ടിക്കറ്റിംഗ് ഏർപ്പെടുത്തേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി.

*2016 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് (ഭേദഗതി) ചട്ടങ്ങളിൽ സെസ്സ് ഒടുക്കുന്നതിനുള്ള സമയപരിധി, ഇ–ടിക്കറ്റിംഗ് ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## 3. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ചട്ടങ്ങൾ, 1962

## THE KERALA LOCAL AUTHORITIES ENTERTAINMENTS TAX RULES, 1962

വിനോദ നികുതി ഒടുക്കുന്നതിനുള്ള നടപടിക്രമങ്ങളുടേയും തിയേറ്റർ ഉടമകൾ പരിപാലിക്കേണ്ട രേഖകളുടേയും വിശദാംശങ്ങളാണ് 1962 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ചട്ടങ്ങളിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് (ഭേദഗതി) ചട്ടങ്ങൾ, 2016

### എ. ഇ–ടിക്കറ്റിംഗ്, നികുതി, സെസ്സ്, സർവ്വീസ് ചാർജ്ജ്

The Kerala Local Authorities Entertainments Tax(Amendment) Rules, 2016 പ്രകാരം 1962 ലെ ചട്ടങ്ങളിലെ പാർട്ട് V ന് ശേഷം പാർട്ട് VA കൂട്ടിച്ചേർത്തിട്ടുണ്ട്. പ്രധാന ചട്ടങ്ങളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

- തിയറ്ററുകളിൽ സർക്കാർ അംഗീകൃത സോഫ്റ്റ്‌വെയറോടുകൂടിയ ഇ–ടിക്കറ്റിംഗ് സംവിധാനം തിയേറ്റർ ഉടമ ഏർപ്പെടുത്തേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കുള്ള നികുതി, സെസ്സ്, സർവ്വീസ് ചാർജ്ജ് എന്നിവയുടെ കൃത്യത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥന് ആവശ്യമുള്ളപ്പോൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.
- ടിക്കറ്റിനോടൊപ്പം ശേഖരിക്കുന്ന ഓരോ മാസത്തേയും സെസ്സ് തുടർന്നുള്ള മാസത്തെ അവസാന പ്രവൃത്തി ദിവസത്തിലോ അതിനു മുമ്പായോ കേരള കൾച്ചറൽ ആക്ടിവിസ്റ്റ്സ് വെൽഫയർ ഫണ്ട് ബോർഡിലേക്ക് സെക്രട്ടറി ഒടുക്കേണ്ടതാണ്.
- ഇ–ടിക്കറ്റിംഗ് സൗകര്യത്തിനായി ഓരോ ടിക്കറ്റിനോടൊപ്പവും 50 പൈസ വീതം ഈടാക്കാവുന്നതാണ്.
- ഇ–ടിക്കറ്റുകളുടെ എണ്ണം, നികുതി, സെസ്സ്, സർവ്വീസ് ചാർജ്ജ് എന്നിവയുടെ കൃത്യമായ കണക്ക് തിയേറ്റർ ഉടമ സൂക്ഷിക്കേണ്ടതാണ്.

- ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിനോടൊപ്പം മാസാവസാനം ഫോറം നം. VIIIA യിലുള്ള റിട്ടേണും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ട താണ്.
- സർക്കാരുമായി സേവന ദാതാക്കൾ ഒപ്പു വയ്ക്കുന്ന എഗ്രിമെന്റ് വ്യവസ്ഥ കൾ അനുസരിച്ച് സേവന ദാതാക്കൾക്ക് സർവ്വീസ് ചാർജ്ജ് നൽകേണ്ട താണ്.
- നികുതി, സെസ്സ്, സർവ്വീസ് ചാർജ്ജ് എന്നിവ മുൻകൂറായി ഒടുക്കി ഉടമയ്ക്ക് ആവശ്യാനുസൃതമുള്ള ഇ-ടിക്കറ്റുകൾ മുൻകൂട്ടി ജനറേറ്റ് ചെയ്യുന്നതിനുള്ള അനുമതി ഫോറം നം. VIIA യിൽ നൽകാവുന്നതാണ്. കുറവുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സൂക്ഷിക്കുന്ന കണക്കനുസരിച്ച് ഉടമ ഒടുക്കേണ്ടതാണ്.

## വിനോദ നികുതി-നിയമങ്ങളിലും ചട്ടങ്ങളിലും പ്രതീക്ഷിക്കാവുന്ന ഭേദഗതികൾ

*സിനിമാ തിയേറ്ററുകൾ മുഖേനയല്ലാതെ ഓൺലൈൻ ആയി നേരിട്ട് സിനിമകൾ റിലീസ് ചെയ്യുന്നതിനുള്ള ആലോചനകൾ സിനിമാ മേഖലയിൽ ഊർജ്ജിത മായി നടക്കുന്നുണ്ട്. കോവിഡ് കാലത്തെ ലോക്ക്-ഡൗണിനുശേഷം സിനിമാ തിയേറ്ററുകൾ തുറന്നു പ്രവർത്തിക്കുവാൻ അനുവദിക്കുന്നത് കർശന നിബന്ധ നകളോടെ ആയിരിക്കുമെന്നതിലും സംശയമില്ല. ഇക്കാര്യങ്ങളും ജി.എസ്.ടി ക്കു ശേഷമുള്ള വിനോദ നികുതി ഘടനയിലെ മാറ്റങ്ങളും കൂടി കണക്കിലെ ടുത്ത് സംസ്ഥാനത്ത് നിലവിലുള്ള വിനോദ നികുതി നിയമത്തിലും ചട്ടങ്ങ ളിലും സമഗ്രമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഭേദഗതികൾക്ക് മുമ്പ് സിനിമാ തിയറ്റർ ഉടമകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിൽ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങളും സിനിമാ മേഖലയിലെ മറ്റ് പ്രശ്നങ്ങളും പഠനവിധേയമാക്കുന്നത് ഉചിതമായിരിക്കുമെന്ന് വിലയിരുത്തുന്നു.*



# III
# ചരക്ക് സേവന നികുതിക്കു മുമ്പും ശേഷവുമുള്ള വിനോദ നികുതി ഘടന ഉത്തരവുകൾ

## 1. വിനോദ നികുതി–ചരക്ക് സേവന നികുതിക്കു മുമ്പ്

### എ. പുതിയ സിനിമകൾക്കുള്ള ടിക്കറ്റ് നിരക്ക് നിശ്ചയിക്കൽ

- **സ.ഉ(സാ)നം.3105/01/തസ്വഭവ തിയതി 11–10–2001**
- പുതിയ സിനിമകൾ ആദ്യമായി റിലീസ് ചെയ്യുമ്പോൾ ആദ്യ ദിവസങ്ങളിൽ ഓരോ തിയേറ്ററിലും എല്ലാ ക്ലാസ്സുകളിലേയും എല്ലാ പ്രദർശനങ്ങളും അതത് തിയറ്ററുകൾ നിശ്ചയിക്കുന്ന നിരക്കിൽ വർദ്ധനവോ കുറവോ വരുത്തുന്നതിന് തിയേറ്റർ ഉടമകൾക്ക് അനുവാദം നൽകി.

### ബി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിനോദ നികുതി നിരക്ക്

- **സ.ഉ(എം.എസ്)നം.257/04/തസ്വഭവ തിയതി 7–8–2004**

- പൊതു വിഭാഗത്തിൽപ്പെടുന്ന സിനിമയ്ക്ക് കോർപ്പറേഷനുകളിൽ 35%, മുനിസിപ്പാലിറ്റികളിൽ 30%, പഞ്ചായത്തുകളിൽ 25% എന്നിങ്ങനെ വിനോദ നികുതി നിശ്ചയിച്ചു.
- മലയാള സിനിമയ്ക്ക് പ്രത്യേക ആനുകൂല്യം നൽകിക്കൊണ്ട് മുനിസിപ്പൽ കോർപ്പറേഷനുകളിൽ 25%, മുനിസിപ്പാലിറ്റികളിൽ 20% പഞ്ചായത്തുകളിൽ 15% എന്നിങ്ങനെയും വിനോദ നികുതി നിജപ്പെടുത്തി.

## 2. വിനോദ നികുതി–ചരക്ക് സേവന നികുതിക്കു ശേഷം

### എ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന ഉത്തരവ്

- **സ.ഉ(കൈ)നം.123/2017/തസ്വഭവ തിയതി 24–06–2017**
- 1–7–2017 മുതൽ വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകി.

## ബി. വിനോദ നികുതിയിനത്തിലെ നഷ്ടം നികത്തൽ–ഉത്തരവ്

- **സ.ഉ(കൈ)നം.8957/2018/ധന തിയതി 30–10–2018**

- സിനിമാ തിയേറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഇല്ലാതായതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും റവന്യുവിൽ ഗണ്യമായ കുറവുണ്ടായി. ഇക്കാര്യം പരിഗണിച്ച് വിനോദ നികുതിയിനത്തിൽ പ്രാദേശിക സർക്കാരുകൾക്കുണ്ടായ 2017–18 ലെ നഷ്ടം നികത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2015–16 വർഷത്തിൽ പ്രാദേശിക സർക്കാരുകൾ നേരിട്ട് ഈടാക്കിയ വിനോദ നികുതി അടിസ്ഥാനമാക്കിയാണ് സർക്കാർ നഷ്ടപരിഹാരം നൽകിയത്. സർക്കാർ ഉത്തരവിൽ ഓരോ സ്ഥാപനത്തിനും അനുവദിച്ച നഷ്ടപരിഹാരത്തുക എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## സി. സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികുതി പുനഃസ്ഥാപിച്ചു

### കേരള ധനകാര്യ നിയമം, 2019 ലെ വകുപ്പ് 6

### Kerala Finance Act, 2019 Section 6

സിനിമാ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് കേന്ദ്ര സർക്കാർ 28% ൽ നിന്നും 18% ആയി കുറച്ച സാഹചര്യത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാന നഷ്ടത്തിന്റെ തോത് കുറയ്ക്കുന്നതിന് സിനിമാ ടിക്കറ്റിന്മേൽ വിനോദ നികുതി ഏർപ്പെടുത്തുവാൻ കേരള സർക്കാർ തീരുമാനമെടുത്തു. ആയതിന് നിയമപ്രാബല്യം നൽകുന്നതിനായി 2019–ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരം 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്റ്റിലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തി. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ അധികരിക്കാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള വ്യവസ്ഥ നിലവിൽ വന്നു.

### Kerala Finance Act, 2019 Section 6

**Amendment of Act 2019 of 1961 –** In the Kerala Local Authorities Entertainments Tax Act, 1961 (20 of 1961), in section 3:

*"Provided that in the case of admission to cinema, the entertainment tax shall be at the rate not exceeding ten per cent on each price for admission to cinema.*

സിനിമാ ടിക്കറ്റിന്മേലുള്ള വിനോദ നികുതി പുന:സ്ഥാപിച്ചതിനുശേഷം പുറപ്പെടുവിച്ച വിവിധ ഉത്തരവുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

## ഡി. സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഏർപ്പെടുത്തി

- **സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019**
- 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കേണ്ടതാണ്.

## ഇ. വിനോദ നികുതി നിരക്കുകളിലെ ഭേദഗതി

- **സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019**

സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഏർപ്പെടുത്താവുന്നതാണെന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തുകയും താഴെ പറയും പ്രകാരം നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തു.

| | |
|---|---|
| ▪ 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് | - 5% |
| ▪ 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് | - 8.5% |
| ▪ പുതുക്കിയ നിരക്കിന്റെ പ്രാബല്യതിയതി | - 1-9-2019 മുതൽ |

## ഉത്തരവിലെ മറ്റ് പ്രധാന നിബന്ധനകൾ

- **ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ** സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ട് പോയി സീൽ ചെയ്യേണ്ടതില്ല.
- **ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.**

## എഫ്. പുതുക്കിയ നിരക്ക് ഈടാക്കുന്നതിനുള്ള തിയതിയിൽ മാറ്റം വരുത്തി

- **സ.ഉ(കൈ)നം.149/2019/തസ്വഭവ തിയതി 22-11-2019**
- 1-9-2019 മുതൽ വിനോദ നികുതി ഈടാക്കാത്ത തിയേറ്റർ ഉടമകൾ 16-11-2019 മുതൽ വിനോദ നികുതി ഈടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.

- 1–9–2019 മുതൽ 15–11–2019 വരെ പ്രേക്ഷകരിൽ നിന്നും വിനോദ നികുതി ഈടാക്കിയിട്ടില്ലാത്ത തിയേറ്റർ ഉടമകൾ അപ്രകാരം വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന സത്യവാങ്മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

## ജി. ഇ–ടിക്കറ്റിംഗ് നടപ്പാക്കൽ–മാർഗ്ഗനിർദ്ദേശങ്ങൾ

- **സ.ഉ(സാധാ)നം.101/2020/തസ്വഭവ തിയതി 04–01–2020**

കേരളത്തിലെ എല്ലാ തിയേറ്ററുകളിലും ഇ–ടിക്കറ്റിംഗ് നടപ്പാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- ഐ.കെ.എം വികസിപ്പിച്ച ഇ–ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കേരളത്തിലെ എല്ലാ തിയേറ്ററുകളിലും പ്രേക്ഷകർക്ക് ടിക്കറ്റ് നൽകേണ്ടതാണ്.
- സ്വകാര്യ റിസർവേഷൻ ഏജൻസികൾക്കും തിയേറ്ററുകൾക്കും സർക്കാർ സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ചുകൊണ്ട് ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ നടത്താവുന്നതാണ്.
- ഇ–ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിലൂടെ വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ) ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈൻ ആയി കൈമാറേണ്ടതാണ്. *(അസ്സൽ ഉത്തരവ് കൂടി കാണുക)*

*കുറിപ്പ്: സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകളിൽ ഇ–ടിക്കറ്റിംഗ് സംവിധാനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സ്വകാര്യ തിയേറ്ററുകളിൽ ആയത് പൂർത്തീകരിച്ചിട്ടില്ല എന്ന് ഐ.കെ.എം അധികാരികൾ അനൗദ്യോഗികമായി അറിയിക്കുകയുണ്ടായി.*



# IV

# സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിനുള്ള അനുമതിയും സിനിമാ പ്രദർശനത്തിനുള്ള ലൈസൻസും

## 1. കേരള സിനിമാസ് (റഗുലേഷൻ) ആക്ട്, 1958
## THE KERALA CINEMAS (REGULATION) ACT, 1958

കേരളത്തിലെ സിനിമാ തിയേറ്ററുകളുടെ നിർമ്മാണം, യന്ത്രങ്ങൾ സ്ഥാപിക്കൽ, തിയേറ്ററുകൾ പ്രവർത്തിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മുതലായ പ്രവർത്തനങ്ങൾക്ക് ബാധകമായിട്ടുള്ളത് 1958 ലെ കേരള സിനിമാസ്(റഗുലേഷൻ) ആക്ട് ആണ്.

- സെക്രട്ടറിയുടെ ലൈസൻസ് ഇല്ലാതെ ഒരു സ്ഥലത്ത് സിനിമാ തിയേറ്ററുകൾ നിർമ്മിക്കുകയോ സിനിമാ പ്രദർശനം നടത്തുകയോ ചെയ്യാവുന്നതല്ല.

## 2. കേരള സിനിമാസ് (റഗുലേഷൻ) ചട്ടങ്ങൾ, 1988
## THE KERALA CINEMAS (REGULATION) RULES, 1988

സിനിമാ തിയേറ്ററുകളുടെ നിർമ്മാണത്തിനുള്ള പെർമിറ്റ്, സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ ചട്ടങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

പ്രധാന നിയമവ്യവസ്ഥകളും ചട്ടങ്ങളും തുടർ ഖണ്ഡികകളായി ചേർക്കുന്നു.

## 3. തിയേറ്ററുകളുടെ നിർമ്മാണം, പുനർനിർമ്മാണം, യന്ത്രങ്ങൾ സ്ഥാപിക്കൽ–അനുമതിക്കുള്ള അപേക്ഷ (വകുപ്പ് 6, ചട്ടം 4)

**Application for permit for the construction and reconstruction of buildings, installation of machinery**

സ്ഥിരമോ, താത്കാലികമോ ആയുള്ള സിനിമാ പ്രദർശനത്തിനായി ഒരു സ്ഥലം ഉപയോഗിക്കുന്നതിനോ, സിനിമാ പ്രദർശനത്തിനായി ഒരു സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനോ, സിനിമാ പ്രദർശനത്തിനായി ഏതെങ്കിലും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ വേണ്ടി **ഫോറം 'എ'** യിൽ നിശ്ചിത രേഖകൾ സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

## എ. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

- വിശദമായ പ്ലാൻ–ഘടനാ സ്ഥിരത, വൈദ്യുതി സംവിധാനം, ...
- സൈറ്റ് പ്ലാൻ–100 മീറ്ററിനുള്ളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ മുതലായവ രേഖപ്പെടുത്തരണം.
- ഉടമസ്ഥാവകാശ രേഖ.
- ചട്ടം 19(1) പ്രകാരമുള്ള ഫീസ് ഒടുക്കിയതിന്റെ രസീതി.
- അപേക്ഷയുടേയും മറ്റ് രേഖകളുടേയും ആറ് അധിക പകർപ്പുകൾ.

## ബി. അപേക്ഷയിന്മേലുള്ള നടപടിക്രമങ്ങൾ, തുടർനടപടികൾ, റിപ്പോർട്ടുകൾ (ചട്ടം 5–8)

അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം സെക്രട്ടറി സൈറ്റ് പരിശോധിച്ച് അപേക്ഷയുടെ സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്. രേഖകൾ കൃത്യമാണെങ്കിൽ അപേക്ഷയുടെ പകർപ്പ്, പ്ലാൻ, മറ്റ് അനുബന്ധ രേഖകൾ എന്നിവ താഴെ പറയുന്ന ഉദ്യോഗസ്ഥർക്ക് 30 ദിവസത്തിനകം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്.

1. എക്സിക്യൂട്ടീവ് എഞ്ചിനിയർ
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ,
3. ടൗൺ പ്ലാനർ (മാസ്റ്റർ പ്ലാൻ നിലവിലുണ്ടെങ്കിൽ)
4. ഹെൽത്ത് ഓഫീസർ
5. ഫയർ ഫോഴ്സ് ഡിവിഷണൽ ഓഫീസർ (ഒന്നിൽ കൂടുതലും ഒന്നിൽ കൂടുതൽ നിലകളും എയർ കണ്ടീഷൻ ചെയ്തതുമായ തിയേറ്ററുകളുടെ കാര്യത്തിൽ)

- ✓ 30 ദിവസത്തിനകം ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കി **ഫോറം ബി**യിൽ അനുമതി നൽകേണ്ടതാണ്.
- ✓ 7 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

## സി. അനുമതിക്കുള്ള/അനുമതി പുതുക്കുന്നതിനുള്ള ഫീസ് (ചട്ടം 19(1))

| | |
|---|---|
| ✓ സ്ഥിരം തിയേറ്ററുകൾക്ക് | : 1000 രൂപ. |
| ✓ താത്കാലിക തിയേറ്ററുകൾക്ക് | : 250 രൂപ. |

## ഡി. നിർമ്മാണ അനുമതിയുടെ കാലയളവ് (ചട്ടം 9)

| | |
|---|---|
| ✓ സ്ഥിരം കെട്ടിടങ്ങൾക്ക് | : ഒരു വർഷം |
| ✓ താത്കാലിക കെട്ടിടങ്ങൾക്ക് | : ആറുമാസം |

- മതിയായ കാരണങ്ങളുണ്ടെങ്കിൽ സ്ഥിരം കെട്ടിടങ്ങൾക്ക് പരമാവധി 10 വർഷം വരെയും താത്കാലിക കെട്ടിടങ്ങൾക്ക് 4 വർഷം വരെയും അനുമതി പുതുക്കി നൽകാവുന്നതാണ്.
- അനുമതി പുതുക്കുന്നതിനുള്ള അപേക്ഷ **ഫോറം 'ജി'** യിൽ ചട്ടം 19 ലെ ഫീസ് സഹിതം നൽകേണ്ടതാണ്.

## ഇ. നിർമ്മാണത്തിന് മുമ്പുള്ള അപേക്ഷകന്റെ അറിയിപ്പ് (ചട്ടം 12(1–2))

നിർമ്മാണം ആരംഭിക്കുന്നതിന് ഒരു മാസം മുമ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/നോമിനി എന്നിവർക്ക് അപേക്ഷകൻ രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

- ഉദ്യോഗസ്ഥർ പരിശോധന നടത്തി അപാകതകൾ കണ്ടെത്തിയാൽ ഉചിത മായ നടപടികൾക്കായി സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

## എഫ്. നിർമ്മാണത്തിനുശേഷം അപേക്ഷകൻ ലഭ്യമാക്കേണ്ട സാക്ഷ്യപത്രങ്ങൾ (ചട്ടം 12(3–7))

നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം അപേക്ഷകൻ താഴെ പറയുന്നവരിൽ നിന്നും സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഘടനാ സ്ഥിരതാ സാക്ഷ്യപത്രം (ഫോറം സി)
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽനിന്നുള്ള/നോമിനിയിൽ നിന്നുള്ള ഇലക്ട്രിക്കൽ സർട്ടിഫിക്കറ്റ് (ഫോറം ഡി)
3. ഹെൽത്ത് ഓഫീസറിൽ നിന്നുള്ള പരിസര ശുചിത്വം, ആരോഗ്യം എന്നീ കാര്യങ്ങൾ ഉൾപ്പെടുന്ന സാക്ഷ്യപത്രം.
4. ഫയർഫോഴ്സ് ഡിവിഷണൽ ഓഫീസറുടെ സാക്ഷ്യപത്രം (ഒന്നിൽ കൂടു തലും ഒന്നിൽ കൂടുതൽ നിലകളും എയർ കണ്ടീഷൻ ചെയ്തതുമായ തിയേറ്ററുകളുടെ കാര്യത്തിൽ)

## 4. സിനിമാ പ്രദർശന ലൈസൻസ് (Cinematograph exhibition licence)

### എ. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ (വകുപ്പ് 3, ചട്ടം 13)

1. എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ നോമിനി, ഹെൽത്ത് ഓഫീസർ എന്നിവരുടെ സാക്ഷ്യപത്രം.
2. കേന്ദ്ര സർക്കാരിന്റെ ഫിലിം ഡിവിഷനിൽ നിന്നുള്ള സാക്ഷ്യപത്രം.
3. സ്ഥലത്തിന്റെ ഉടമസ്ഥാവകാശരേഖ. അപേക്ഷകൻ സ്ഥലമുടമ അല്ലെങ്കിൽ സ്ഥലമുടമയുടെ സമ്മതപത്രം.
4. ചട്ടം 19(2) പ്രകാരമുള്ള ഫീസ് ഒടുക്കിയതിന്റെ രസീതി.
5. ഫയർഫോഴ്സ് ഡിവിഷണൽ ഓഫീസറുടെ സാക്ഷ്യപത്രം (ഒന്നലധികമോ, ഒന്നിൽ കൂടുതൽ നിലകളോ, എയർ കണ്ടീഷൻ ചെയ്തതോ ആയ തിയേറ്ററുകളുടെ കാര്യത്തിൽ)

### ബി. സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് ഫീസ് (ചട്ടം 9(2))

ഒരു വർഷത്തേക്കുള്ള ലൈസൻസ് ഫീ/പുതുക്കുന്നതിനുള്ള ഫീസ്:
1000 രൂപ.

### സി. അനുമതിയുടേയോ ലൈസൻസിന്റേയോ പകർപ്പ് അനുവദിക്കൽ

- അനുമതിയുടേയോ ലൈസൻസിന്റേയോ പകർപ്പ് ലഭിക്കുവാൻ 25 രൂപ ഒടുക്കേണ്ടതാണ്. (ചട്ടം 19(3))

### ഡി. സിനിമാ പ്രദർശനത്തിനുള്ള ലൈസൻസ് അനുവദിക്കൽ (ചട്ടം 14–18)

- അപേക്ഷ ലഭ്യമായി രണ്ട് ആഴ്ചയ്ക്കകം **ഫോറം ഇ** യിൽ ലൈസൻസ് നൽകുകയോ കാരണം രേഖപ്പെടുത്തി നിരസിക്കുകയോ ചെയ്യേണ്ടതാണ്.
- അംഗീകൃത പ്ലാനുകളും ഡ്രോയിംഗുകളും ഇലക്ട്രിക്കൽ സർട്ടിഫിക്കറ്റും പ്ലാനിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
- ലൈസൻസ് വ്യക്തമായും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- അധികാരികളുടെ പരിശോധനയ്ക്ക് ലൈസൻസ് ഹാജരാക്കേണ്ടതാണ്.

## ഇ. പ്രദർശന ലൈസൻസ് പുതുക്കൽ (ചട്ടം 21–23)

- നിലവിലുള്ള ലൈസൻസ് കാലാവധി തീരുന്നതിന് ഒരു മാസം മുമ്പ് പുതുക്കുന്നതിനുള്ള അപേക്ഷ മതിയായ രേഖകൾ സഹിതം നൽകേണ്ടതാണ്. നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്.
- എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/നോമിനി എന്നിവർക്ക് രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പകർപ്പ് അയയ്ക്കേണ്ടതാണ്.
- റിപ്പോർട്ടുകൾ ലഭ്യമായി തീരുമാനമെടുക്കുന്നതുവരെയുള്ള കാലയളവിൽ ഒരു മാസം വരെ സാധുതയുള്ള താത്കാലിക പെർമിറ്റ് **ഫോറം എഫ്** ൽ അനുവദിക്കാവുന്നതും ആയത് ഒരു മാസം കൂടി നീട്ടി നൽകാവുന്നതുമാണ്.

## എഫ്. നിലവിലുള്ള തിയേറ്ററുകളുടെ ലൈസൻസ് പുതുക്കൽ – സാങ്കേതിക സമിതി

- **സ.ഉ(സാധാ)നം.1674/2019/തസ്വഭവ തിയതി 03-08-2019**

നിലവിലുള്ള തിയേറ്ററുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സാങ്കേതിക സമിതി രൂപീകരിച്ചു.

- ചീഫ് ടൗൺ പ്ലാനർ
- ഫയർ & റെസ്ക്യു സർവ്വീസിലെ ടെക്നിക്കൽ ഡയറക്ടർ
- നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ

സാങ്കേതിക സമിതി അടിയന്തിരമായി യോഗം ചേരേണ്ടതും ആവശ്യമായ സ്ഥല പരിശോധനകൾ നടത്തി രണ്ടാഴ്ചക്കുള്ളിൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

*(കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിച്ച് സർക്കാർ ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്).*

## 5. മറ്റ് പ്രധാന ചട്ടങ്ങൾ

### എ. സിനിമാ തിയേറ്ററുകളിലെ കൂട്ടിച്ചേർക്കലുകളും മാറ്റം വരുത്തലുകളും

സെക്രട്ടറിയുടെ അനുമതിയില്ലാതെ തിയേറ്ററുകളിൽ മാറ്റങ്ങൾ വരുത്തരുത്. എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/നോമിനി എന്നിവരുടെ അംഗീകാരമില്ലാതെ സെക്രട്ടറി മാറ്റങ്ങൾക്കുള്ള അനുമതി നൽകരുത്.

24 മുതൽ 28 വരെയുള്ള ചട്ടങ്ങളിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ബി. അപ്പീൽ അധികാരികൾ (ചട്ടം 29–30)

| തീരുമാനമെടുത്ത അധികാരി | അപ്പീൽ അധികാരി |
|---|---|
| ലൈസൻസിംഗ് അധികാരി (സെക്രട്ടറി) | ജില്ലാ കളക്ടർ |
| എക്സിക്യൂട്ടീവ് എഞ്ചിനിയർ | ചീഫ് എഞ്ചിനിയർ (കെട്ടിടം) |
| ഹെൽത്ത് ഓഫീസർ | ഹെൽത്ത് സർവ്വീസസ് ഡയറക്ടർ |
| ടൗൺ പ്ലാനർ | ചീഫ് ടൗൺ പ്ലാനർ |

- അപ്പീലിനുള്ള അപേക്ഷയോടൊപ്പം 100 രൂപയുടെ ഫീസ് ഒടുക്കേണ്ടതാണ്.

### സി. തിയേറ്ററുകളിലെ പരിശോധന (ചട്ടം 31–35)

- നിർമ്മാണത്തിനു ശേഷവും തുടർന്ന് വർഷത്തിലൊരിക്കലെങ്കിലും ലൈസൻസിംഗ് അധികാരിയോ(സെക്രട്ടറി), ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ തിയേറ്ററുകളിൽ പരിശോധന നടത്തേണ്ടതാണ്.
- നിർമ്മാണത്തിനുശേഷവും അതിനുശേഷം ഓരോ തവണ ഫോറം സി പുതുക്കുമ്പോഴും എക്സിക്യൂട്ടീവ് എഞ്ചിനിയർ പരിശോധന നടത്തേണ്ടതാണ്.
- നിർമ്മാണത്തിനുശേഷവും അതിനുശേഷം ഓരോ തവണ ഫോറം ഡിയിലുള്ള സാക്ഷ്യപത്രം പുതുക്കുമ്പോഴും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറോ, നോമിനിയോ പരിശോധന നടത്തേണ്ടതാണ്.
- നിയമ വ്യവസ്ഥകളും ചട്ടങ്ങളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സെക്രട്ടറിക്കും ബന്ധപ്പെട്ട എഞ്ചിനിയർമാർക്കും അപ്പീൽ അധികാരികൾക്കും സബ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത പൊലീസ്

ഉദ്യോഗസ്ഥനും ഹെൽത്ത് ഓഫീസർക്കും അസി. ഡിവിഷണൽ ഓഫീസറിൽ കുറയാത്ത റാങ്കിലുള്ള ഫയർ ഫോഴ്സ് ഉദ്യോഗസ്ഥനും ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസിനും ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കും/ നോമിനിക്കും തിയേറ്ററുകളിൽ പരിശോധന നടത്താവുന്നതാണ്.

## ഡി. സിനിമാ പ്രദർശനത്തിനുള്ള ഉപകരണം സ്ഥാപിക്കുന്ന സ്ഥലം

- ഓപ്പറേറ്റർക്ക് തടസ്സമില്ലാതെ പ്രവൃത്തി ചെയ്യാവുന്നത്ര വലിപ്പമുള്ളതോ അഗ്നിപ്രതിരോധ വസ്തുക്കളാൽ നിർമ്മിതമായതോ ആയ സ്ഥലത്ത് സിനിമാ പ്രദർശന ഉപകരണം സ്ഥാപിക്കേണ്ടതാണ്. ആയത് ഓഡിറ്റോറിയത്തിന് പുറത്തായിരിക്കേണ്ടതാണ്.
- മറ്റുള്ളവർ അനധികൃതമായി പ്രസ്തുത സ്ഥലത്ത് പ്രവേശിക്കുവാൻ പാടില്ലാത്തതും പുകവലി അനുവദനീയമല്ലാത്തതുമാണ്.
- ഓപ്പറേറ്ററുടെ വയസ് 18 ൽ കുറയുവാനും 60 ൽ കൂടുവാനും പാടില്ല.
- 36 മുതൽ 49 വരെയുള്ള ചട്ടങ്ങളിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഇ. കെട്ടിട സൗകര്യം

- 51 മുതൽ 103 വരെയുള്ള ചട്ടങ്ങളിൽ കെട്ടിടത്തിന് ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

## എഫ്. ശുചിത്വം (ചട്ടം 104)

- കുടിവെള്ളം, തുപ്പുന്നതിനുള്ള സൗകര്യം, വാട്ടർ ക്ലോസറ്റുകൾ എന്നിവ ഉറപ്പാക്കേണ്ടതാണ്.

## ജി. അഗ്നിസുരക്ഷ

- 105 മുതൽ 108 വരെയുള്ള ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

## എച്ച്. വൈദ്യുതി സംവിധാനം

- 109 മുതൽ 112 വരെയുള്ള ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

## ഐ. ഇരിപ്പിടം

- 113 മുതൽ 114 വരെയുള്ള ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

# ചട്ടങ്ങളിലെ അനുബന്ധങ്ങൾ

| | |
|---|---|
| FORM A (See Rule 4) | APPLICATION FOR CONSTRUCTION/ RECONSTRUCTION/ LOCATION OF PERMANENT/ TEMPORARY/CINEMA |
| FORM B (See Rule 6) | PERMISSION ISSUED UNDER RULE 6 OF THE KERALA CINEMAS( REGULATION) RULES, 1988 |
| FORM C [See Rule 12 (3) (a)] | CERTIFICATE OF STRUCTURAL SOUNDNESS OF .................... THEATRE |
| FORM 'D' [See Rule 12 (3) (b)] | CERTIFICATE OF SUITABILITY OF THE ENCLOSURE, CINEMATOGRAPH APPARATUS AND PLANT AND ELECTRICAL INSTALLATION, FIRE FIGHTING APPLIANCES AND FIRE PRECAUTIONARY MEASURES AND VENTILLATION/AIR CONDITIONING SYSTEM |
| FORM E (See Rule 14) | LICENCE FOR EXHIBITION OF CINEMATOGRAPH SHOWS UNDER THE KERALA CINEMAS (REGULATION) RULES, 1988 |
| FORM F (See Rule 23) | TEMPORARY PERMIT FOR EXHIBITION UNDER THE KERALA CINEMAS (REGULATION) ACT, 1958 |
| FORM G (See Rule 9) | APPLICATION FOR RENEWAL OF PERMISSION FOR CONSTRUCTION/ RECONSTRUCTION/ PERMANENT/ TEMPORARY CINEMA |
| FORM NO. VIIA | Permit for the payment of the Tax, Cess and Service charge on admission to Cinema through e-Ticket (See Rule 40A)(As per Amendment Rules, 2016) |
| FORM NO. VIIIA | Register of Number of persons admitted by e-Ticket (See Rule 40E) (As per Amendment Rules, 2016) |

# V
# സിനിമാ പ്രദർശനശാലകളുടെ പെർമിറ്റ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ലെ വ്യവസ്ഥകൾ

**കെ.പി.ബി.ആർ, 2019/കെ.എം.ബി.ആർ, 2019 ചട്ടം 25(2)(ഇ)** പ്രകാരം ചലച്ചിത്ര പ്രദർശനശാലകൾ/സിനിമാസ് **ഗ്രൂപ്പ് ഡി–അസംബ്ലി ഒക്യുപൻസി കെട്ടിടം** എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ചലച്ചിത്ര പ്രദർശനശാലകൾക്ക് ബാധകമായ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

## എ. സിനിമാ തിയേറ്ററുകളുടെ സ്ഥാനം, വലിപ്പം, കെട്ടിട നിർമ്മാണം – ബാധകമായ ചട്ടങ്ങൾ

**കെ.പി.ബി.ആർ, 2019/കെ.എം.ബി.ആർ, 2019 ചട്ടം 44(7)**

- *സിനിമാ തിയേറ്ററുകളുടെ കാര്യത്തിൽ സ്ഥാനം, വലിപ്പം, കെട്ടിട നിർമ്മാണം എന്നിവ കാലാകാലങ്ങളിലെ ഭേദഗതിയോടുകൂടിയ കേരള സിനിമാസ്(റഗുലേഷൻ) ചട്ടങ്ങൾ, 1988 നും IS:4878-1968 നും സിനിമാ കെട്ടിടങ്ങൾക്ക് വേണ്ടിയുള്ള ബൈലോകൾക്കും അനുസൃതമാകേണ്ടതാണ്.*

## ബി. നിലവിലുള്ള തിയേറ്ററുകളിലെ സ്ക്രീനുകൾ ഒന്നിൽ കൂടുതൽ സ്ക്രീനുകളാക്കി മാറ്റൽ

- **കെ.പി.ബി.ആർ, 2019/കെ.എം.ബി.ആർ, 2019 ചട്ടം 44(8)**
- നിലവിലുള്ള നിയമാനുസൃത സിനിമാ ഹാളുകൾ/തിയേറ്ററുകൾ ആകെ ഇരിപ്പിട ശേഷിയിൽ മാറ്റമില്ലാതെ ഒന്നിൽ കൂടുതൽ സ്ക്രീനുകളാക്കി മാറ്റുന്ന സംഗതിയിൽ അത്തരത്തിലുള്ള മാറ്റം സ്ക്രീനുകൾ സ്ഥാപിക്കുന്നതിനുള്ള ഘടനകളും വേർതിരിക്കലും മാത്രമാണെങ്കിൽ കെട്ടിടത്തിന്റെ ആന്തരികമായ മാറ്റത്തിന് സെക്രട്ടറിക്ക് താഴെ പറയുന്ന നിബന്ധനകളോടെ പെർമിറ്റ് നൽകാവുന്നതാണ്.

i. കൂട്ടിച്ചേർക്കലുകളുടേയോ, മാറ്റം വരുത്തലിന്റേയോ, പുനർ നിർമ്മാണത്തിന്റേയോ, വിനിയോഗ മാറ്റത്തിന്റേയോ കാര്യത്തിൽ നിലവിൽ സാധുവായ ലൈസൻസ് ഉണ്ടെങ്കിലും അല്ലെങ്കിൽ കേരള സിനിമാസ്(റഗുലേഷൻ) ആക്റ്റ്, 1958 പ്രകാരം ലൈസൻസ് ഉണ്ടായിരുന്നെങ്കിലും നിലവിലുള്ള തിയേറ്ററിന്റെ ഇരിപ്പിട ശേഷിയുടെ 1/3 ഭാഗം ലക്ഷ്യമിടുകയോ/ നിലനിർത്തുകയോ ചെയ്താൽ മാത്രമേ പെർമിറ്റ് അനുവദിക്കാവൂ.

ii. നിലവിലുള്ള കവറേജ്, എല്ലാ നിലകളിലേയും ആകെ നിർമ്മിത വിസ്തൃതി, ആകെ ഇരിപ്പിട ശേഷി, കെട്ടിടത്തിന്റെ ഉയരം എന്നിവ കൂടാതിരിക്കേണ്ട താണ്.

iii. നിലവിലുള്ള അംഗീകൃത കെട്ടിടത്തിന്റെ ലഭ്യമായ തെരുവു വിട്ടുള്ള പാർക്കിംഗ് സ്ഥലങ്ങളും തുറസ്സായ സ്ഥലങ്ങളും കുറവു ചെയ്യുവാൻ പാടു ള്ളതല്ല.

iv. കെട്ടിടം ഉയരമുള്ള കെട്ടിടമാണോ അല്ലയോ എന്നത് പരിഗണിക്കാതെ ഈ ചട്ടങ്ങളിലെ 81(9), 81(10) എന്നിവയിലെ നിബന്ധനകൾ ബാധകമാകുന്ന താണ്.

- പെർമിറ്റ് ആവശ്യമില്ലാത്ത ചട്ടം 8 ലെ i മുതൽ iv വരെയുള്ള ഇനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ അത്തരം മാറ്റങ്ങളോടൊപ്പം നിർവ്വഹിക്കാവു ന്നതാണ്.
- സിനിമകൾ പ്രദർശിപ്പിക്കുന്നതിനു മാത്രമുള്ള നിലവിലുള്ള അംഗീകൃത സിനിമാ ഹാളുകൾ/കെട്ടിടങ്ങൾ എന്നിവയ്ക്ക് മാത്രമേ ഈ ഉപചട്ടത്തിലെ നിബന്ധനകൾ ബാധകമാവുകയുള്ളൂ.

## സി. സുരക്ഷാ മാനദണ്ഡങ്ങൾ (Safety Provisions)

- **ഘടനാപരമായ രൂപകൽപ്പന** (Structural design)

**കെ.പി.ബി.ആർ, 2019/കെ.എം.ബി.ആർ, 2019 ചട്ടം 81(9):**

ഉയരം കൂടിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനോ, പുനർനിർമ്മാണത്തിനോ, കൂട്ടിച്ചേർക്കലിനോ, മാറ്റം വരുത്തലിനോ ഉള്ള അപേക്ഷയോടൊപ്പം ഭൂകമ്പ പ്രഭാവത്തെക്കുറിച്ച് കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്ന നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യയിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള ഒരു സെറ്റ് ഘടനാപരമായ രൂപകൽപ്പനയും സാക്ഷ്യപ്പെടുത്തിയ ഡ്രോയിംഗുകളും ഒരു സ്ട്രക്ച്ചറൽ എഞ്ചിനിയർ തയ്യാറാക്കി നൽകിയ ഘടനാ സ്ഥിരതാ സാക്ഷ്യ പത്രവും ഉണ്ടായിരിക്കേണ്ടതാണ്.

- നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2016 ൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഉയരം സംബന്ധിച്ച വ്യവസ്ഥകൾ മൾട്ടിപ്ലെക്സുകൾക്ക് ബാധകമല്ല.

- **സുരക്ഷാ പ്ലാൻ** (Safety Plan)

**കെ.പി.ബി.ആർ, 2019/കെ.എം.ബി.ആർ, 2019 ചട്ടം 81(9):**

ഉയരം കൂടിയ കെട്ടിടങ്ങളുടെ കാര്യത്തിൽ അംഗീകാരത്തിനുള്ള ഓരോ അപേക്ഷയോടൊപ്പവും തൊഴിൽ വകുപ്പ് പ്രസിദ്ധപ്പെടുത്തുന്ന ആരോഗ്യ സുരക്ഷാ മാന്വൽ പ്രകാരമുള്ള നിർദ്ദിഷ്ട നിർമ്മിതിക്കനുസൃതമായ സുരക്ഷാ പ്ലാൻ ഉണ്ടാകേണ്ടതാണ്.

**ഡി. മൾട്ടിപ്ലെക്സുകൾ**

- ചട്ടം 25(2)(എൽ) പ്രകാരം വിനോദത്തിനും ഷോപ്പിംഗിനും സൗകര്യമുള്ള മൾട്ടിപ്ലെക്സ് കോംപ്ലക്സുകൾ **ഗണം ജെ** യിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിൽ മുന്നൂറോ അതിൽ കുറവോ സീറ്റുകളുള്ള ഒന്നിൽ കൂടുതൽ സിനിമാ ഹാളുകൾ/സ്ക്രീനുകൾ ഉണ്ടാകാവുന്നതാണ്.
- ചട്ടം 2(ജെ) പ്രകാരം മൾട്ടിപ്ലെക്സുകൾ ഗണം ഡി അസംബ്ലി കെട്ടിടം എന്നതിൽ ഉൾപ്പെടുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.



## REFERENCE

- THE KERALA LOCAL AUTHORITIES ENTERTAINMENTS TAX ACT, 1961
- THE KERALA LOCAL AUTHORITIES ENTERTAINMENTS TAX RULES, 1962
- THE KERALA FINANCE ACT, 2019
- THE KERALA CINEMAS (REGULATION) ACT, 1958 AND VARIOUS AMENDMENT ACTS
- THE KERALA CINEMAS (REGULATION) RULES, 1988 AND VARIOUS AMENDMENT RULES
- KERALA PANCHAYATH BUILDING RUELS, 2019
- KERALA MUNICIPALITY BUILDING RUELS, 2019
- VARIOUS GOVERNMENT ORDERS AND CIRCULARS

**നന്ദി .....**

*ക്രിയാത്മക നിർദ്ദേശങ്ങൾ നൽകിയ പാലക്കാട് ജില്ലാ ഓഡിറ്റ് ഓഫീസിലെ ശ്രീമതി.കെ.വി.സുസ്മിത, അസി.ഓഡിറ്റ് ഓഫീസർക്ക്*

**തയ്യാറാക്കിയത്**

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
9447594110
cscholayilttm@gmail.com

***സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം-ഒന്നാം പതിപ്പ്***

പാലക്കാട്,
01-06-2020

## കുറിപ്പുകൾ